പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 572

29.06.2011- ലെ
മറുപടിക്ക്

**കയർ ഉല്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് പരിഹരിക്കുവാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വർക്കല കഹാർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) കയർ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുന്നത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (എ) കയറും കയറുല്പന്നങ്ങളും കെട്ടിക്കിടക്കുന്ന അവസരങ്ങളിൽ ഡിസ്ട്രസ് പർച്ചേസ് പദ്ധതി നടപ്പിലാക്കാറുണ്ട്. ഈ പദ്ധതി പ്രകാരം കയർ ശേഖരിക്കുന്നതിന് കയർഫെഡിനെയും കയറുല്പന്നങ്ങൾ ശേഖരിക്കുന്നതിന് കയർ കോർപ്പറേഷനെയുമാണ് പ്രധാനമായും ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (ബി) ഇതിനായി രൂപീകരിച്ച ഡിസ്ട്രസ് പർച്ചേസ് സ്കീമിലൂടെ കഴിഞ്ഞ വർഷം എത്ര കോടി രൂപയുടെ ഉല്പന്നങ്ങൾ സംഭരിച്ചു എന്ന് വെളിപ്പെടുത്താമോ; | (ബി) കഴിഞ്ഞ സാമ്പത്തിക വർഷം ഡിസ്ട്രസ് പർച്ചേസ് പദ്ധതി പ്രകാരം കയറോ കയറുല്പന്നങ്ങളോ ശേഖരിച്ചിട്ടില്ല. |
| (സി) ഇത്തരത്തിൽ സംഭരിക്കുന്ന ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | (സി) സംഭരണ ഏജൻസികളായ കയർ കോർപ്പറേഷനും കയർഫെഡും ഈ പദ്ധതി പ്രകാരം ശേഖരിച്ച കയറുല്പന്നങ്ങളും കയറും നേരിട്ടും സ്വകാര്യ കയറ്റുമതിക്കാർ മുഖാന്തിരവും ഷോറൂമുകൾ വഴിയും വിറ്റഴിച്ചു വരുന്നു. |
| (ഡി) ഈ സ്കീമിനായി നടപ്പു വർഷം ബഡ്ജറ്റ് വിഹിതമായി തുക വകയിരുത്തുമോ? | (ഡി) 2011-12 ലെ ബഡ്ജറ്റിൽ വിലവ്യതിയാന ഫണ്ട് എന്ന പദ്ധതിയ്ക്കായി 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഡിസ്ട്രസ് പർച്ചേസ് ആവശ്യമായി വരുന്ന അവസരത്തിൽ ഇതിൽ നിന്നുള്ള ബഡ്ജറ്റ് വിഹിതം ഉപയോഗിക്കാമെന്ന് ബഡ്ജറ്റ് വിശദീകരണ പത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ